പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1414 03.05.2017 ൽ മറുപടിയ്ക്ക്

## ഇ-ഓഫീസ് സംവിധാനത്തിലെ സാങ്കേതിക തകരാറുകൾ

| ചോദ്യം<br>**ശ്രീ.അബ്ദുൽ ഹമീദ് പി.** | | മറുപടി<br>**ശ്രീ.പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** | |
|---|---|---|---|
| (എ) | സാങ്കേതിക തകരാറുകൾ മൂലം ഇ-ഓഫീസ് സംവിധാനം നിശ്ചലമായി സെക്രട്ടറിയേറ്റിലെ ഫയൽ നീക്കം പലപ്പോഴും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2017 മാർച്ച് മാസാന്ത്യം ഇ-ഫയലിംഗ് സിസ്റ്റം കൂടുതലായി ഉപയോഗിച്ചതിന്റെ ഫലമായി സെർവറിനുണ്ടായ പ്രവർത്തി ഭാരം കാരണം, ഇ-ഓഫീസ് സംവിധാനം 3 മണിയ്ക്കും 5 മണിയ്ക്കും ഇടയിൽ മന്ദഗതിയിലായിരുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ഏപ്രിൽ മാസത്തോടെ ഇ-ഓഫീസിന്റെ പ്രവർത്തനം സാധാരണ നിലയിലായിട്ടുണ്ട്. |
| (ബി) | ഇ-ഓഫീസ് സംവിധാനത്തിലൂടെയുള്ള ഫയൽ നീക്കത്തിലെ ന്യൂനതകളെപ്പറ്റി പഠിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിലയിരുത്തലിന് തയ്യാറാകുമോ; | (ബി) | ഇ-ഓഫീസ് സംവിധാനത്തിൽ നേരിട്ട പ്രയാസം സംബന്ധിച്ച് ആപ്ലിക്കേഷൻ ഡെവലപ്പറായ എൻ.ഐ.സി യുടെ ടീം, കേരളാ സ്റ്റേറ്റ് ഐ.റ്റി മിഷന്റെ സാങ്കേതിക സഹായികൾ , കെൽട്രോൺ-ന്റെ നെറ്റ് വർക്ക് ടീം, SeMT എന്നിവർ പരിശോധന നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. സെക്രട്ടറിയേറ്റിലെ ഇ-ഓഫീസ് സംവിധാനം പ്രവർത്തിക്കുന്ന ഹാർഡ് വെയർ, നെറ്റ് വർക്ക്, സെർവറുകൾ എന്നിവയിൽ പ്രശ്നങ്ങളൊന്നും തന്നെ ഇല്ലെന്നും ഇവ കുറ്റമറ്റ രീതിയിൽ പ്രവർത്തന യോഗ്യമാണെന്നും സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ എൻ.ഐ.സി യുടെ ഇ-ഓഫീസ് ആപ്ലിക്കേഷൻ / സെർവറിന്റെ ഭാഗത്ത് നേരിട്ട പ്രശ്നം സംബന്ധിച്ച് യഥാർത്ഥ വസ്തുത ഇ-ഓഫീസ് ആപ്ലിക്കേഷൻ നിർമ്മിച്ച എൻ.ഐ.സി വ്യക്തമാക്കിയിട്ടില്ല. മേൽ പ്രശ്നം സംബന്ധിച്ച് വകുപ്പുതലത്തിലും സെക്രട്ടറി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും, |

| | | | |
|---|---|---|---|
| | | | ആപ്ലിക്കേഷൻ സൈഡിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുവാൻ എൻ.ഐ.സിയ്ക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇ-ഗവേണൻസ് സംവിധാനത്തിലെ പിഴവുകൾ പരിഹരിച്ച് പ്രസ്തുത സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇ-ഫയലിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ സോഫ്റ്റ്-വെയർ (ഇ-ഓഫീസ് Version 2) വികസിപ്പിച്ചെടുക്കാൻ, എൻ.ഐ.സി യുടെ പദ്ധതി നിർദ്ദേശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**